ഉത്തരം

പൊതുമേഖലാസ്ഥാപനങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ യഥാസമയം നിയമിക്കാനും ഈ കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യാനുമുള്ള വിശദമായ നിർദ്ദേശങ്ങൾ 20-3-1985-ന് ഗവൺമെന്റ് ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ഉദ്യോഗസംവരണം

354. [538] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗത്തിന് ഉദ്യോഗരംഗത്ത് അനുവദിച്ചിട്ടുള്ള സംവരണം എത്ര ശതമാനം ;

(ബി) അവ എപ്പോൾ മുതലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്

(സി) 1981-ലെ സെൻസസ് പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംവരണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഇതേ സംബന്ധിച്ച് ഏതെല്ലാം സംഘടനകളിൽ നിന്നും നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട് ;

(ഇ) 1981-ലെ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുള്ള സംവരണശതമാനം വർദ്ധിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും.

(ബി) കേരളസംസ്ഥാനം നിലവിൽ വന്നശേഷം ചട്ടപ്രകാരം ഈ റിസർവേഷൻ 23-12-58-ന് പ്രാബല്യത്തിൽ വന്നു.

(സി) ബാബു വിജയനാഥ് കമ്മിഷൻ റിപ്പോർട്ടിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിന് ഉദ്യോഗനിയമനത്തിൽ 12 ശതമാനം സംവരണം ശുപാർശ ചെയ്തിരുന്നു. എന്നാൽ സംവരണകാര്യത്തിൽ ദേശീയതലത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാകുന്നതുവരെ നിലവിലുള്ള സംവരണനയത്തിൽ മാറ്റം വരുത്തരുതെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള സംവരണവ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് ഈ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ സംയുക്തവേദി കേരള പുലയർ മഹാസഭ മുതലായ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഇ) മുകളിൽ "സി" വിഭാഗത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

കേരള സംസ്ഥാന ഹരിജന-ഗിരിജന വികസന സഹകരണ ഫെഡറേഷന്റെ ഫെഡാഫീസ്

355. [539] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly